# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1413** **02.03.2017-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ? | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം

## ആലപ്പുഴ ജില്ലാ ഓഫീസ് മുഖേന അനുവദിച്ച പ്രവർത്തികൾ

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തികൾ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശൗചാലയ നിർമ്മാണം, ഭവന പുനർവൈദ്യുതീകരണം, മത്സ്യ സമൃദ്ധി പദ്ധതിയിൽപ്പെടുത്തി ശുദ്ധ ജല കാർപ്പ് മത്സ്യ കൃഷി, കരിമീൻ കൃഷിയുടെ ഘടക പദ്ധതികളായ കുളത്തിലെ കരിമീൻ കൃഷി, കൂടുകളിലെ മത്സ്യകൃഷി എന്നിവയാണ്.

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന അനുവദിച്ച പ്രവർത്തികൾ

മാവേലിക്കര നിയോജക മണ്ഡലത്തിലെ മാങ്ങാംകുഴിയിൽ ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിനായി 277.00 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് KIIFB ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## അഡാക്ക് മുഖേന അനുവദിച്ച പ്രവർത്തികൾ

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പഞ്ചായത്തിൽ മത്സ്യസമൃദ്ധി 2nd phase-ൽ ഉൾപ്പെടുത്തി 200 ഹെക്ടർ പാടശേഖരങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

## മത്സ്യഫെഡ് മുഖേന അനുവദിച്ച പ്രവർത്തികൾ

മാവേലിക്കര മണ്ഡലത്തിൽ മത്സ്യഫെഡ് വഴി നടപ്പിലാക്കിയ ഓരോ പദ്ധതിയിലും ചെലവാക്കിയ തുക (വായ്പകൾ) സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പദ്ധതികൾ | തുക(ലക്ഷം) | ഗുണഭോക്താക്കൾ |
|---|---|---|---|
| 1 | മത്സ്യബന്ധന ഉപകരണ വായ്പ | 800000/- | 20 അംഗങ്ങൾ |
| 2 | വനിതകൾക്കുള്ള പലിശ രഹിത വായ്പ | 2900000/- | 166 അംഗങ്ങൾ |
| | **ആകെ** | **3700000/- (ആകെ മുപ്പത്തി ഏഴ് ലക്ഷം രൂപ)** | **186 അംഗങ്ങൾ** |

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അനുവദിച്ച പ്രവർത്തികൾ

മാവേലിക്കര മണ്ഡലത്തിൽ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി **4** റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റോഡ് പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക ലക്ഷത്തിൽ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1. | വിവേകാനന്ദ ജംഗ്ഷൻ-മാവേലിമുക്ക് റ്റി.എ.കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 2. | വള്ളിക്കുന്നം പഞ്ചായത്തിലെ പള്ളക്കത്തറ-കൊട്ടാരത്തിൽ മുക്ക് റോഡ് | 16.96 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 3. | ആശാൻ മുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | സാങ്കേതികാനുമതി നൽകുതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 4. | കല്ലരിക്കുന്നിൽ മുക്ക്-കമ്പിളുമല പള്ളി റോഡ് | 77.91 | സാങ്കേതികാനുമതി നൽകുതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ